**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1865** **31-08-2022 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ ഗവ: രാജാസ് ഹയർ സെക്കന്ററി സ്കൂളിൽ മൾട്ടി പർപ്പസ് പ്ലേ സ്പേസ് നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ ഗവ: രാജാസ് ഹയർ സെക്കന്ററി സ്കൂളിൽ മൾട്ടി പർപ്പസ് പ്ലേ സ്പേസ് സ്ഥാപിക്കുന്നത് സംബന്ധിച്ച നിവേദനം ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കോട്ടക്കൽ ഗവ: രാജാസ് ഹയർ സെക്കന്ററി സ്കൂളിൽ മൾട്ടി പർപ്പസ് പ്ലേ സ്പേസ് നിർമാണം സംബന്ധിച്ച് കോട്ടക്കൽ മുനിസിപ്പാലിറ്റി ചെയർമാൻ ലഭ്യമാക്കിയ നിവേദനത്തിന്മേൽ എ1/99/2018/കാ.യു.വ നമ്പർ ഫയലിൽ നടപടി സ്വീകരിക്കുകയും പ്രസ്തുത സ്റ്റേഡിയത്തിന്റെ ഡി.പി.ആർ, സാങ്കേതികത, സ്ഥലം എന്നിവ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തുവാൻ കായികയുവജനകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.<br><br>ഇതിൻ പ്രകാരം കോട്ടക്കൽ നഗരസഭയിലെ കോട്ടക്കൽ രാജാസ് ഹൈസ്കൂൾ ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് കായിക എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് കോട്ടക്കൽ നഗരസഭയ്ക്ക് അയച്ചു നൽകിയിട്ടുണ്ടെന്ന് കായികയുവജനകാര്യ ഡയറക്ടർ 30.11.2018-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) | മൂവായിരത്തി ഇരുന്നൂറിൽ അധികം കുട്ടികൾ പഠിക്കുന്ന പ്രസ്തുത സ്കൂളിൽ അന്തർദേശീയ നിലവാരത്തിലുള്ള മൾട്ടി പർപ്പസ് പ്ലേ സ്പേസ് സ്ഥാപിക്കുന്നതിന് പ്ലാൻ ഫണ്ടിൽ മതിയായ തുക വകയിരുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ബി) | കോട്ടക്കൽ ഗവ: രാജാസ് ഹയർ സെക്കന്ററി സ്കൂളിൽ മൾട്ടി പർപ്പസ് പ്ലേ സ്പേസ് നിർമാണം സംബന്ധിച്ച് കോട്ടക്കൽ മുനിസിപ്പാലിറ്റി ചെയർമാൻ ലഭ്യമാക്കിയ നിവേദനത്തിന്മേൽ എ1/99/2018/കാ.യു.വ നമ്പർ ഫയലിൽ നടപടി സ്വീകരിക്കുകയും പ്രസ്തുത സ്റ്റേഡിയത്തിന്റെ ഡി.പി.ആർ, സാങ്കേതികത, സ്ഥലം എന്നിവ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തുവാൻ |

| | | | |
|---|---|---|---|
| | | | കായികയുവജനകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.<br><br>ഇതിൻ പ്രകാരം കോട്ടക്കൽ നഗരസഭയിലെ കോട്ടക്കൽ രാജാസ് ഹൈസ്കൂൾ ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് കായിക എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് കോട്ടക്കൽ നഗരസഭയ്ക്ക് അയച്ച നൽകിയിട്ടുണ്ടെന്ന് കായികയുവജനകാര്യ ഡയറക്ടർ 30.11.2018-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ